بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*09 March 2012 ~ 15 Rabi'ul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ആഗോള മുസ്ലിംകൾക്ക് പൊതുവെയും, അനുയായികൾക്ക് പ്രത്യേകിച്ചും സമാധാനാശംസകൾ നേർന്നതിനു ശേഷം തശ്ഹുദ്, തഅവദ്, സൂറ അൽഫാതിഹ എന്നിവ ഓതി ഹസ്രത്ത് മുഹ്യിദ്ദീൻ(atba)ഇപ്രകാരം പറഞ്ഞു തുടങ്ങി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കടന്നു പോയ ആഴ്ചകളിൽ സംസാരിച്ചുകൊണ്ടിരുന്ന ദഅ്വ–എന്ന വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ് ഇന്നും നിങ്ങളുമായി പങ്കുവെക്കാനാഗ്രഹിക്കുന്നത്.

യഥാർത്ഥ വിശ്വാസികളായ, മുസ്ലിംകളായ നാം ഇസ്ലാമിൽ ബിദ്അത്ത്(കള്ളക്കഥകൾ ചമയ്ക്കൽ) ഉണ്ടാക്കുന്നതിൽ നിന്നും വിട്ടു നില്ക്കണം. ഇസ്ലാംഒരു പൂർണ്ണമതമെന്ന നിലയിൽ, തികവൊത്തത്( സമഗ്രമായത്) മാത്രമല്ല, മറിച്ച് ഏതുസാഹചര്യത്തിലും, ഏതു കാലഘട്ടത്തിലും, കാലികാ പ്രാധാന്യമുള്ളതും, വന്നതും, വരാനിരിക്കുന്നതുമായ തലമുറകൾക്ക് വേണ്ട ജീവിതക്രമം ഉൾകൊള്ളുന്നതുമാകുന്നു. ഈ സത്യം നാം ദൃഢമായി മനസ്സിലാക്കുക മാത്രമല്ല, മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുകയും വേണം.. ആയതിനാൽ തന്നെ ഇസ്ലാമിൽ നാം ബിദ്അത്ത് ഉണ്ടാക്കേണ്ട യാതൊരു ആവശ്യവും, ഇല്ല. പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ) ഖുർ ആനും, സുന്നത്തും ആഴത്തിൽ പഠിക്കുകയും, അത് ജീവിതപ്പാതയിൽ മുറുകെപ്പിടിക്കുകയും, ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെ ഓർമ്മിപ്പിക്കുന്നതോടൊപ്പം, തന്നെ ബിദ്അത്തിൽ നിന്നും അകന്നു നില്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ താക്കീതു ചെയ്യുകയും ചെയ്യുന്നു.

## സത്യസന്ധതയും വിശ്വാസയോഗ്യതയും.

സത്യത്തെക്കുറിച്ചുള്ള അറിവുകൾകൊണ്ട് നാം നമ്മെ സദാ സജ്ജരാക്കി വെയ്ക്കുക. ഇസ്ലാമിനെക്കുറിച്ചുള്ള ശരിയായ അറിവു കത്തെുന്നതിന്റെ ആവശ്യകതയിലേക്കാണ് ഈ സത്യം നമ്മെ എത്തിക്കുന്നത്. ഇസ്ലാമിനെക്കുറിച്ചുള്ള, മുസ്ലിമിതര ജനവിഭാഗങ്ങളുടെ ഏതു ചോദ്യങ്ങളും, മുൻകൂട്ടികാണുവാനും, അതിന് വേണ്ട മറുപടി നല്കുവാനും നാം സദാ സജ്ജരായിരിക്കണം. ഉത്തരം അറിയാതെ വരികയോ, അതിനെപ്പറ്റി ഉത്തമബോധ്യമില്ലാതെ വരികയോ ചെയ്യുമ്പോൾ അത് തുറന്നു സമ്മതിക്കാനുള്ള ആർജ്ജവും ഉണ്ടാകണം. തത് വിഷയവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുള്ളവരുമായി സംസാരിച്ച് കൃത്യമായ ഉത്തരം പറയാൻ കഴിയുന്നത് വരെ അത്തരം സന്ദർഭങ്ങളിൽ ഉത്തരം നല്കുവാനുള്ള സാവകാശം ആവശ്യപ്പെടാം. വി:ഖുർ ആനിലും, തിരുസുന്നത്തിലും, പ്രതിപാദിച്ചിട്ടില്ലാത്ത എന്തെങ്കിലും ഒന്ന് ഇസ്ലാമിനോ, മുഹമ്മദ്നബി(സ)യുടെ മേലൊ ഉണ്ട് എന്ന് സ്ഥാപിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. ഇസ്ലാം മതം സത്യമതമാണെന്ന് ഉത്തമബോധ്യമുള്ള യഥാർത്ഥ വിശ്വാസികളായ യഥാർത്ഥ മുസ്ലിംകളായ നാം സത്യത്തോടു മാത്രമേ സദാ ഒട്ടിനില്ക്കുകയുള്ളൂ എന്ന് മുസ്ലിംമിതര ജനത മനസ്സിലാക്കണം.

## ആസൂത്രണം

ഫലവത്തായ രീതിയിലുള്ള ആസൂത്രണവും, കാര്യക്രമീകരണവും ദഅ്വ നന്നായി നടപ്പിലാക്കുന്നതിന് അവശ്യം വേണ്ട ഘടകങ്ങളാണ്. ഒരിയ്ക്കലും എടുത്തുചാടി ദഅ്വ ചെയ്യാൻ പുറപ്പെടരുത്. സൂക്ഷമതയോടെയും, കൃത്യതയോടെ വേണം അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. വിവധ പശ്ചാത്തലങ്ങളിലുള്ള നാനാതരം ജനതയെ ദഅ്വ ചെയ്യുമ്പോൾ അതെങ്ങനെ വേണമെന്ന് മുൻകൂട്ടി തീരുമാനിച്ചുറപ്പിക്കേണ്ടതുണ്ട്. പ്രഭാഷണങ്ങളും, സെമിനാറുകളും, മുഖേന ഒരു കൂട്ടം ആളുകളെ ലക്ഷ്യമാക്കി ദഅ്വ ചെയ്യുവാനുദ്ദേശിക്കുമ്പോൾ നാം അത് പ്രത്യേകിച്ചും, മുൻകൂട്ടി ആസൂത്രണം ചെയ്യണം. സ്ഥലം, സമയം ,തീയതി, വിഷയം, പ്രഭാഷകർ തുടങ്ങിയ കാര്യങ്ങളൊക്കെ പരിഗണിക്കേണ്ടവയിലുൾപ്പെടുന്നു. അവിടെ എന്തുപറയണം, എങ്ങനെ പറയണം എന്നതുൾപ്പെടെ മുൻകൂട്ടി പ്ലാൻ ചെയ്യണം. ദാഈ–ഇലല്ലാഹ് എന്ന നിലയിൽ ആസൂത്രണം ചെയ്യൽ നമ്മിലർപ്പിതമായ ഒരു കടമതന്നെയാണ്. പക്ഷേ വിശുദ്ധ ഖുർ ആനിൽ, താഴെ കാണുന്ന അധ്യായങ്ങളിൽ പറഞ്ഞു കാണുന്നതുപോലെ ഏറ്റവും നല്ല ആസൂത്രകൻ അല്ലാഹു ആണ് എന്ന സത്യം മറക്കാതെ തന്നെ വേണം ഇതൊക്കെ ആസൂതണം ചെയ്യേണ്ടത്.

താഴെ കാണുന്ന അധ്യായങ്ങളിൽ പറഞ്ഞു കാണുന്നതുപോലെ ഏറ്റവും നല്ല ആസൂത്രകൻ അല്ലാഹു ആണ് എന്ന സത്യം മറക്കാതെ തന്നെ വേണം ഇതൊക്കെ ആസൂത്രണം ചെയ്യേണ്ടത്.

അവർ(മസീഹിന്റെ ശത്രുക്കൾ അദ്ദേഹത്തിനെതിരിൽ) ചില ഗൂഢതന്ത്രങ്ങൾ പ്രയോഗിച്ചു. അല്ലാഹുവും(മറു) തന്ത്രംപ്രയോഗിച്ചു. തന്ത്രം പ്രയോഗിക്കുന്നവരിൽ അല്ലാഹു ഏറ്റവും ഉത്തമനാണ്.(3:55)

അവർ തന്ത്രം പ്രയോഗിക്കുകയായിരുന്നു; അല്ലാഹു അവരുടെ തന്ത്രത്തിനുള്ള മറുതന്ത്രം പ്രയോഗിക്കുകയായിരുന്നു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് അല്ലാഹു(8:31)

ചുരുക്കിപ്പറഞ്ഞാൽ ഇങ്ങനെ ഏറ്റവും ഉത്തമനായ അല്ലാഹു നമ്മുടെ ദഅ്വയെ അനുഗ്രിക്കുവാനായി പ്രാർത്ഥിക്കുകയാണ് നാം ചെയ്യേണ്ടത് കാരണം അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അതിനോട് പറയുക മാത്രമാണ് ചെയ്യുന്നത്. അപ്പോൾ അത് ഉണ് ടാവൂ.(3:48)കയും; നിശ്ചയമായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കുകയും(5:2) ചെയ്യുന്നു.

## തത്വജ്ഞാനവും സദുപദേശവും മുഖേന ജനങ്ങളെ ക്ഷണിക്കൽ

സർവ്വശക്തനായ അല്ലാഹു നമ്മോട് ആജ്ഞാപിക്കുന്നു. അപ്പോൾ നാം വിജയകരമായ രീതിയിലുള്ള ദാഈ–ഇലല്ലാഹ്–ആയി മാറുന്നു. അല്ലാഹു പറയുന്നു.

''തത്ത്വജ്ഞാനവും, സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ് നേർമാർഗം പ്രാപിച്ചവരെയും അവൻ നന്നായി അറിയുന്നു''.(16:126)

## തത്വജ്ഞാനവും സദുപദേശവും മുഖേന ദഅ്വ ചെയ്യേണ്ടതിന്റെ മാർഗനിർദേശങ്ങൾ

താനുദ്ദേശിക്കുന്നവർക്ക് വേണ്ടത് നല്കുന്നതും ഭാഷണം പഠിപ്പിക്കുന്നതും(55:4) അല്ലാഹു ആകുന്നു. മറ്റുള്ളവർക്ക് ഇസ്ലാമികാധ്യാപനങ്ങൾ ഫലപ്രദമായ രീതിയിൽ പകർന്നു ന്ലകാനാവശ്യമായ തത്ത്വജ്ഞാനവും, മനോഹരവും അർത്ഥവത്തായതുമായ ഭാഷണം പഠിപ്പിച്ചു തരികയും ചെയ്യുന്നതിനായി അല്ലാഹുവിനോട് അപേക്ഷിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരിക്കുക. ഇത്തരുണത്തിൽ, ഹസ്രത്ത് മൂസാനബി(അ) നടത്തിയ ഒരു പ്രാർത്ഥന ഖുർആനിൽ സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയം തന്നെ. ''എന്റെ നാഥാ നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ചു തരേണമെ(എന്റെ ബാധ്യതകൾ നിറവേറ്റുന്നതിന്) എന്റെ കാര്യ നീ എളുപ്പമാക്കി ത്തരേണമെ. എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ചു തരേണമെ. അവർ(ജനങ്ങൾ) എന്റെ വാക്ക് എളുപ്പം മനസ്സിലാക്കുന്നതിനു വേണ്ടി.''(20:26–29)

ആയതിനാൽ ആത്മവിശ്വാസത്തോടെ സംസാരിക്കുക. ദാഈ–ഇലല്ലാഹ്–കളായ നമുക്ക് നമ്മളിൽ തന്നെ ആത്മവിശ്വാസം ഉണ്ടായിരിക്കണം. ഇസ്ലാമികവിഷയത്തിൽ നല്ല അറിവുണ് ടങ്കിൽ അതുമായി ബന്ധപ്പെട്ട ഏതു വിഷയമായാലും, നമുക്ക് ഒരു നല്ല പരിധി വരെ ആത്മവിശ്വാസത്തോടെ പ്രവൃത്തി ചെയ്യാൻ കഴിയും.അതിനു വേണ്ടത് അല്ലാഹുവിലേക്ക് തിരിഞ്ഞ്, അവന്റെ സഹായത്തിനുവേണ്ടി പ്രാർത്ഥിച്ചു തുടങ്ങുക എന്നതു മാത്രമാണ്. അപ്പോൾ തന്നെ വിജയകരമായി നമ്മുടെ ഇസ്ലാമികസന്ദേശം നമുക്ക് മറ്റുള്ളവരിലേക്ക് പകർന്നു നല്കാൻ കഴിയും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നമുക്കു ചുറ്റുമുള്ള ജനക്കൂട്ടം എത്ര തന്നെ വലുതായാലും, ആത്മവിശ്വാസത്തോടെ നേരിടാൻ കഴിയും. എന്ന ഉറപ്പോടെ അല്ലാഹുവിൽ അടിയുറച്ച വിശ്വാസം നമ്മളിൽ ഊട്ടി വളർത്തുക.

## നിങ്ങളുടെ സമീപനരീതിയിൽ ഹൃദ്യതയും സൗമ്യതയും നിലനിർത്തുക.

അല്ലാഹു വി:ഖുർ ആൻ 60–ാം അധ്യായം 9–ാം ആയത്തിൽ പറയുന്നതുപോലെ അവരോടുള്ള സമീപനത്തിൽ സൗഹൃദവും സൗമ്യതയും ഉണ്ടായിരിക്കുക.

തിരുനബി (സ) വിശദമാക്കിയതായി അബൂഹുറൈറ(റ) റിപ്പോർട്ടു ചെയ്തിരിക്കുന്നു. ''ഒരു വിശ്വാസി ഹൃദ്യമായി പെരുമാറുന്നവനാകുന്നു. ഹൃദ്യമായി പെരുമാറാത്തവനും, തനിക്കു മുന്നിൽ വന്നവരോട് ഹൃദ്യമായി പെരുമാറാതിരിക്കുന്നവനും ഒരു നന്മയും ചെയ്യുന്നില്ല''.

ശാപവാക്കുകളും, മോശം ഭാഷയും ഉപയോഗിക്കുന്നതിനു പകരം സൗമ്യമായ വാക്കുകളിലൂടെ ജനങ്ങളെ ക്ഷണിക്കുക.

അല്ലാഹു വി:ഖുർ ആനിൽ പറയുന്നു. നല്ല വാക്ക് പറയുന്നതും, (തെറ്റുകുറ്റങ്ങൾ) മാപ്പു ചെയ്തു കൊടുക്കുന്നതും, ഉപദ്രവവാക്കുകൾ പിൻതുടരുന്ന ദാനധർമ്മത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം

പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാണ്.

ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾ പകർന്നു ന്ലകുകയും, വിഡ്ഢിത്തം പുലമ്പുന്നതിൽ നിന്നും ഒഴിഞ്ഞു നില്ക്കുകയും ചെയ്യുക.

നല്ല വാക്കുകൾ ഉപയോഗിക്കുക. മറ്റുള്ളവരെ വ്രണിതഹൃദയരാക്കാതിരിക്കുക.അപമാനിക്കരുത്.

വ്യർത്ഥമായ വാദപ്രതിവാദങ്ങളും, ചർച്ചകളും സംവാദങ്ങളും ഒഴിവാക്കുക.ഗ്രന്ഥാനുസാരികളുമായി ഏറ്റവും ഉത്തമമായ രീതിയിലല്ലാതെ നിങ്ങൾ വിവാദം നടത്തരുത്. അവരിൽ നിന്ന് അന്യായം പ്രവർത്തിച്ചവരൊഴികെ.(അത്തരക്കാരോട് തർക്കുത്തരം പറയാവുന്നതാണ്) ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും, ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെയും, നിങ്ങളുടെയും ദൈവം ഒന്നുതന്നെയാണ്. ഞങ്ങൾ അവനോട് അനുസരണമുള്ളവരുമാണ്.എന്ന് നിങ്ങൾ പറയുക.(29:47)

കൂടാതെ, തിരുനബി(സ) പറഞ്ഞത് നോക്കൂ, നേർമാർഗ്ഗം പ്രാപിച്ചവൻ, വിവാദം നടത്തുന്നതിലൂടെ അല്ലാതെ വഴിപിഴച്ചു പോകുന്നില്ല.തുടർന്ന് തിരുമേനി ഈ ഖുർ ആൻ ആയത്ത് ഓതികേൾപ്പിച്ചു.
അവർ ചോദിക്കുന്നു നമ്മുടെ ദൈവങ്ങളാണോ, ഉത്തമർ അല്ലേങ്കിൽ അദ്ദേഹമോ? നിന്നോട് തർക്കിക്കാൻ വേണ്ടി മാത്രമല്ലാതെ അവർ ഇക്കാര്യം എടുത്തു പറയുന്നില്ല. മാത്രമല്ല കുതർക്കികളായ ഒരു ജനതയാണ് അവർ(43:59) തിർമിദിയും, ഇബ്നുമാജയും ഈ ഹദീസ് റിപ്പോർട്ടു ചെയ്തിരിക്കുന്നു.

പാരത്രികജീവിതത്തിലെ മോക്ഷപ്രാപ്തിക്കായി കഴിവും, ആരോഗ്യവും, സ്വബോധവും ഉള്ള ഓരോ മുസ്ലിമും ആത്മാർത്ഥമായി അഞ്ചുകാര്യങ്ങൾ അനുഷ്ഠിക്കേണ്ടത് നിർബന്ധമായ സംഗതിയാണെന്ന് അമുസ്ലിം സഹോദരങ്ങളെ ദഅ്വ ചെയ്യുന്ന വേളയിൽ വ്യക്തമായി മനസ്സിലാക്കികൊടുക്കണം.

ഇസ്ലാം മതം ഓരോ മുസ്ലിമിനും നല്കുന്ന നിർബന്ധ അധ്യാപനങ്ങൾ, അവനവന്റെ നന്മയ്ക്കും പ്രയോജനത്തിനുമായി ചെയ്യേണ്ടതുതന്നെയാണെന്ന് അമുസ്ലിം സഹോദരങ്ങൾക്ക് മനസ്സിലാക്കികൊടുക്കണം. അതുപോലെ തന്നെ വിലക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നത് സ്വയം വിപത്തു വലിച്ചുവെക്കലാണെന്നും അവരെ ഓർമ്മിപ്പിക്കുക. മോശമായ എല്ലാ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നില്ക്കുവാൻ അല്ലാഹു നമ്മോട് ആജ്ഞാപിക്കുന്നു. ഉദാഹരണത്തിന് ഉപദ്രവം, വെല്ലുവിളി, പോരടി, കുസൃതി, വിദ്വേഷം, ദേഷ്യം, ശാഠ്യം, സ്വാർത്ഥത, വാശി, നന്ദികേട്,അഹന്ത,പൊങ്ങച്ചം,അസൂയ, അസത്യം പറയൽ, ആത്മാർത്ഥമില്ലായ്മ, കള്ളസാക്ഷ്യം പറയൽ, കള്ളആണയിടീൽ. മോശപ്പെടുത്തൽ, പരിഹസിക്കൽ, കളിയാക്കൽ, ഇടംപേരുവിളിക്കൽ, സംശയിക്കൽ, ചാരപ്രവൃത്തി നടത്തൽ, മദ്യപാനം,ചൂതാട്ടം,ധാരാളിത്തം,പിശുക്ക്, മോഷണം, വ്യഭിചാരം, ശിശുഹത്യ തുടങ്ങിയവ.

മുസ്ലിംനാമധാരികളും, അമുസ്ലിംകളായ എല്ലാ വിഭാഗക്കാരും ഈ കാര്യങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കേണ്ടതും, വിലക്കപ്പെട്ട ഇത്തരം നീചപ്രവൃത്തികൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നതായാൽ അത് സകലമാനജനതയ്ക്കും, ഉപദ്രവകരമാകുന്നതാണെന്ന് അംഗീകരിക്കുകയും, ചെയ്യേണണ്ടതാണ്. അതുകൂടാതെ ഇസ്ലാം ഒരു ജീവിതക്രമം എന്ന നിലയിൽ അങ്ങേയറ്റം ലളിതമായ രീതിയിലുള്ള മാർഗദർശനവും, പരിപൂർണ്ണസത്യവും, വിവേകവും, (തത്തവജ്ഞാനവും) നിറഞ്ഞതുമാകുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ അവർ ഇസ്ലാമിൽ നിന്നും പേടിച്ചോടിപോകാനിടയാകാതെ, കാര്യങ്ങൾ അങ്ങേയറ്റം ലളിതവും, ഗ്രാഹ്യവും, ആയതാക്കുവാൻ നാം സദാ ശ്രദ്ധപുലർത്തണം. മുഹമ്മദ് നബി(സ) പറഞ്ഞിരിക്കുന്നു. മതപരമായകാര്യങ്ങൾ അവർക്ക് ലളിതവൽക്കരിച്ചു കൊടുക്കുക. അവരെ ബുദ്ധിമുട്ടിക്കുന്ന തരത്തിലാക്കരുത്. അവർക്ക് സുവാർത്ത നല്കുക. ഇസ്ലാമിൽ നിന്നും അവരെ ഓടിപോകാനിടയാക്കാതിരിക്കുക.(ബുഖാരി)

ഇസ്ലാം മതം ഒരുവിധേനയുള്ള വക്രതയും വളച്ചൊടിക്കലും, ഉള്ള ഒരു മതമല്ല. ദഅ്വ വേളയിൽ അമുസ്ലിം സഹോദരങ്ങളിൽ നിന്നും, അവർ ഇസ്ലാമിലെ സെൻസിറ്റീവ് ആയ കാര്യങ്ങൾ എന്നു കരുതുന്ന മേഖലകളിൽ നിന്നും, നാം ചോദ്യങ്ങൾ പ്രതീക്ഷിക്കണം. ഇവയിൽ പ്രധാനമായവ സ്ത്രീകളുടെ ബുർഖാ ആചരണം, വിവാഹമോചനം, ബഹുഭാര്യാത്വം, വധശിക്ഷ, ജിഹാദ് എന്നിവയാണ്.

ഇസ്ലാമിനെക്കുറിച്ചുള്ള അവരുടെ തെറ്റദ്ധാരണകൾ അകറ്റുന്ന തരത്തിൽ കാര്യകാരണവും, യുക്തിപൂർവ്വവും ആയി ഈ പ്രശ്നങ്ങളെ കൈകാര്യം ചെയ്യണം.ഹിജാബും, ബുർഖയും, സ്ത്രീകളെ പുരുഷന്മാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം നല്കുവാൻ സഹായിക്കുന്നു. അല്ലാഹുവും അവന്റെ ദൂതനും, നമ്മോട് ചെയ്യുവാൻ ആജ്ഞാപിക്കുന്ന ഏതു സംഗതിയും, നമുക്കും, നാമുൾപ്പെടുന്ന സമൂഹത്തിനും, നല്ലതായിരിക്കും എന്ന് നാം മറ്റു മുസ്ലിംകളുമായി ഇടപെടുവാൻ അവസരം കിട്ടുമ്പോഴെല്ലാം, അവരെ ഓർമ്മിപ്പിക്കണം. ബുർഖയും.,ഹിജാബും, ഇതിനൊരുദാഹരണമാണ്. വി. ഖുർആനിലെ 24-ാം അധ്യായം 32-ാം വചനം സത്യവിശ്വാസിനികളായ വനിതകൾ തങ്ങളുടെ അടുത്ത ബന്ധുക്കൾ അല്ലാത്ത പുരുഷന്മാർക്കു മുന്നിൽ തങ്ങളുടെ ശരീരസൗന്ദര്യം അനാവൃതമാകുന്ന നിലയിലുള്ള വസ്ത്രധാരണം ചെയ്യുന്നതിനെ വിലക്കുന്നു.

ഇത് അവരുടെ മാനം കാക്കുന്നതിനു വേണ്ടിയുള്ള ഒരു മുൻകരുതലാകുന്നു.

അന്യപുരുഷ്നമാരുടെ ചൂഷണങ്ങളിൽ നിന്നും ബുർഖാ ആചരണം സ്ത്രീകളെ സംരക്ഷിക്കുന്നു.അല്ലാഹു പറയുന്നു:-

ഓ; നബി; നിന്റെ ഭാര്യമാരോടും, പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും(അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽവസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിൽ മേൽ മൂടിപുതയ്ക്കേണ്ടതാണെന്ന് പറയുക. അവരെ തിരിച്ചറിയുന്നതിനും, അങ്ങനെ, അവരെ(ആരും) ശല്യപ്പെടുത്താതിരിക്കുന്നതിനും ഏറ്റവും ഉപയുക്തമായ മാർഗമാണിത്. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(33:60)

ഹിജാബും, ഖുർഖയും, സ്തരീകളുടെ സൗന്ദര്യത്തെ പുരുഷന്മാരിൽ നിന്നും മറയ്ക്കുന്നു. ഇസ്ലാമിക സമൂഹത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന വനിതകളുടെ അന്തസ്സും, അഭിമാനവും, സുരക്ഷിതമാക്കുന്നതിനും, അങ്ങനെ പുരുഷന്മാരുടെ ആദരവ് നേടുന്നതിനും ഈ വസ്ത്രധാരണ രീതി സഹായിക്കുന്നു.

യുക്തിപൂർവ്വമായ മതമെന്ന നിലയിൽ ഇസ്ലാം, കുടുംബപരവും, സാമൂഹികവുമായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമായി വിവാഹമോചനം അനുവദിക്കുന്നുണ്ട്. പക്ഷേ ഇങ്ങനെ വിവാഹമോചനം അനുവദിച്ചിരിക്കുന്നത്, അതിനു നിശ്ചയിക്കുന്ന ആ തീരുമാനമെടുത്ത ഭാര്യയും, ഭർത്താവും ചില നിബന്ധനകൾക്കു വിധേമായി മാത്രമാണ്. ഈ നിബന്ധനകളിൽ ഒരു നിശ്ചിത കാലാവധി വരെ അവർ ഒന്നിച്ച് ഒരു വീട്ടിൽ താമസിക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. ഈ നിർദേശത്തിന്റെ ഉദ്ദേശ്യം, അവരെടുത്ത തീരുമാനം പുനഃപരിശോധിക്കുവാൻ അവർക്ക് രണ്ടുപേർക്കും അവസരം നല്കുക എന്നതു തന്നെ. തങ്ങൾക്കു രണ്ടുപേർക്കും ഒന്നിച്ചു പോകുവാൻ ഒരു കാരണവശാലും കഴിയില്ല എന്നു കണ്ടാൽ അവർക്ക് വിവാഹമോചനത്തിനായുള്ള അവരുടെ തീരുമാനത്തെ ഉറപ്പിക്കാം. അല്ലാഹു പറയുന്നു.

തങ്ങളുടെ ഭാര്യമാരുമായി സംസർഗ്ഗം ചെയ്യുന്നതല്ലെന്നു ശപഥം ചെയ്യുന്നവർക്ക് (പരമാവധി)നാലുമാസം പ്രതീക്ഷിക്കാവുന്നതാണ്. പിന്നെ അവർ (ഈ കാലയളവിൽ രഞ്ജിപ്പുദ്ദേശിച്ച്) മടങ്ങുന്നുവെങ്കിൽ തീർച്ചയായും, അല്ലാഹു സർവ്വഥാ പൊറുത്തു കൊടുക്കുന്നവനും, വളരെ കൃപചെയ്യുന്നവനുമത്രെ. ഇനി അവർ വിവാഹമോചനത്തിനാണ് തീരുമാനിക്കുന്നതെങ്കിൽ (അവർ അറിഞ്ഞിരിക്കട്ടെ) നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനുമാകുന്നു. വിവാഹമോചിതരായ സ്ത്രീകൾ മൂന്ന് ആർത്തവകാലം വരെ സ്വയം നിയന്ത്രിച്ച് കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും, വിശ്വസിക്കുന്നവരാണെങ്കിൽ (അവർ അറിഞ്ഞിരിക്കട്ടെ) അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചു വെക്കുന്നത് അവർക്ക് അനുവദനീയമല്ല. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ(ആ കാലയളവിൽ) അവരെ തിരിച്ചെടുക്കുന്നതിന് കൂടുതൽ അവകാശമുള്ളവരാണ് അവർക്ക് (സ്ത്രീകൾക്ക് പുരുഷന്മാരോട്) ചില ബാധ്യതകൾ ഉള്ളതുപോലെ തന്നെ മര്യാദയനുസരിച്ച് ചില അവകാശങ്ങൾ അവർക്ക് (സ്ത്രീകൾക്ക്) ലഭിക്കേണ്ടതുണ്ട്. എന്നാൽ, പുരുഷന്മാർക്ക് അവരുടെ മേൽ ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും, യുക്തിജ്ഞനുമാകുന്നു.(2:227-229)

ഒരു പ്രായോഗികമതമെന്ന നിലയിൽ ചില സാമൂഹികപ്രശ്നങ്ങൾക്കും, ദുരിതങ്ങൾക്കും പരിഹാരമായി (ബഹുഭാര്യാത്വം) ഒന്നിൽ കൂടുതൽ വിവാഹം ചെയ്യുന്നതിന് അനുവദിക്കുന്നു. ഇങ്ങനെ , പുരുഷന്മാർക്ക് ഒരേ സമയം ഒന്നിലധികം ഭാര്യമാരെ നിലനിർത്തുന്നതിനും, ഒന്നിലധികം തവണ വിവാഹം ചെയ്യുന്നതിനുമുള്ള അനുമതിയും ചിലനിബന്ധനകൾക്കു വിധേയമായി മാത്രമാണ് നല്കായിട്ടുള്ളത്. പരമാവധി നാലു ഭാര്യമാരെ മാത്രവും , അതുതന്നെ എല്ലാ ഭാര്യമാരോടും, നീതിപൂർവ്വം വർത്തിക്കാനാവും എന്ന ഉത്തമ വിശ്വാസമുണ്ടങ്കിൽ മാത്രവും. ബഹുഭാര്യാത്വം പ്രായോഗിക തലത്തിൽ കൊണ്ടു വരുന്ന ഒരു ഭക്തനായ ഒ വ്യക്തി ഒരിക്കലും ഒരുസ്ത്രീലമ്പടനോ, വീടുവീടാന്തരം അലഞ്ഞു നടക്കുന്നവ നോ ആയിരിക്കില്ല,മറിച്ച് ഈ അവകാശം അനുവദിച്ച് അല്ലാഹു നല്കിയ ആജ്ഞയെ അനുസരിക്കുന്നവൻ മാത്രമായിരിക്കും. അങ്ങേയറ്റം പവിത്രമായ ഒരു ആജ്ഞയാണ് ഒന്നിലധികം വിവാഹം ചെയ്യുവാനുള്ള അനുമതി. അതിനാൽ തന്നെ ഒരു യഥാർത്ഥ വിശ്വാസിക്ക് ഒരിയക്കലും ഇതിനെ കളങ്കിതമായ കണ്ണുകളിലൂടെ നോക്കികാണുവാനോ, അല്ലാഹുവിന്റെ ആജ്ഞയെ വിമർശിക്കുവാനോ, സാധിക്കില്ല. കാരണം അതിന്റെ പരിണിത ഫലം മോശമായിരിക്കും എന്നതുതന്നെ.

നിങ്ങൾക്ക് നന്നായി തോന്നുന്ന (മറ്റു) സത്രീകളിൽ നിന്ന് രണ്ടു വീതമോ, മൂന്നു വീതമോ, നാലു വീതമോ, നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക.(4:4)

അങ്ങനെ വിവാഹം ചെയ്ത ഭാര്യമാരോട് നീതിപാലിക്കാനാവില്ല എന്ന് ബോധ്യമുള്ളവർക്ക് ഇസ്ലാമിലെ വിധി ഒരു സ്ത്രീയെ മാത്രം വിവാഹം കഴിക്കുക എന്നതാണ് ഇത് മുകളിൽ പറഞ്ഞ 4-ാം അധ്യായം 4-ാം വചനത്തിൽ തന്നെ വെളിപ്പെടുത്തുന്നുണ്ട്.

ഒന്നിലധികം വിവാഹം ചെയ്യുവാനുള്ള അനുവാദം പുരുഷന്മാരിലെ പരസ്ത്രീഗമനം തടയുവാനുള്ള ഒരു മാർഗ്ഗം കൂടിയാണ്. ചില പുരുഷന്മാർക്ക് സഹജമായി ഈ വാസനയുള്ളവരായി കാണാം. അങ്ങനെയുള്ള വർ സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നത്തിനൊരു പരിഹാരമാണ് ഇത്. അതുപോലെ തന്നെ അവിവാഹിത രായി നിലകൊള്ളുന്ന വനിതകൾക്ക്, വൈവാഹികജീവിതം നയിക്കുന്നതിനുള്ള അവസരവും ഈ അനുമതി സൃഷ്യടിക്കുന്നുണ്ട്. ഈ അവസരം ഉണ് ടാകുന്നത് ഒരു സമൂഹത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എണ്ണം കൂടുന്ന വേളയിലാണ്. അത്തരം സമൂഹങ്ങളിലെ വ്യഭിചാരവും, അവിഹിതബന്ധങ്ങൾക്കും, അവിഹി തമാർഗ്ഗങ്ങളിലൂടെ ജനപ്പെരുപ്പം ഉണ്ടാകുന്നത് തടയുന്നതിനും ഇത് ഒരു പരിഹാരമായി വരുന്നു.

വധശിക്ഷ പ്രാബല്യത്തിലാക്കിയത് സമൂഹത്തിലെ കുറ്റവും, കൊലപാതകം, മോഷണം, മയ ക്കുമരുന്നുപയോഗം, മദ്യപാനം തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങളെ വരുതിയിൽ വരുത്തുവാനാണ്. ഇത്തരം പ്രവർത്തികൾക്ക് അടിമയാകുന്നവർക്ക് വധശിക്ഷ വിധിക്കുക വഴി സാമൂഹികക്ഷേമം ഉറപ്പുവരുത്തുകയും, മറ്റ് ജനങ്ങളെ ഇത്തരം പ്രവൃത്തികളിൽ നിന്നു വിട്ടു നില്ക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. വധശിക്ഷ ഒരു അധമപ്രവൃത്തിയാണെന്നു കരുതുന്ന അമുസ്ലിം സഹോദരങ്ങൾ താഴെപ്പറയുന്ന ഖുർ ആൻ വചനങ്ങൾ നോക്കുക.

മോഷ്ടിക്കുന്നവനും മോഷ്ടിക്കുന്നവളും–അവർ രണ്ടു പേരും പ്രവർത്തിച്ച കുറ്റത്തിന് പകരം അല്ലാഹുവിൽ നിന്നുള്ള ശിക്ഷയായി നിങ്ങൾ അവർ രണ്ടു പേരുടെയും, കൈകൾ ഛേദിക്കുക. അല്ലാഹു( എല്ലാറ്റിനെയും)ജയിക്കുന്നവനും, യുക്തിജ്ഞനുമാകുന്നു. ഇനി ഒരാൾ തന്റെ അക്രമ പ്രവർത്തനങ്ങൾക്കു ശേഷം സ്വയം പശ്ചാത്തപിക്കുകയും, നന്നാക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും അല്ലാഹു അയാൾക്ക് കാരുണ്യം ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(5:39 –40)

അവസാനമായി, ജിഹാദ് (വിശുദ്ധ യുദ്ധങ്ങൾ) മായി ബന്ധപ്പെട്ട കാര്യമാണ്. ഇതു സംബന്ധ മായി പറയുമ്പോൾ അമുസ്ലിം സഹോദരങ്ങൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. അതാ യത് ഇസ്ലാം ഒരു സമാധാനത്തിന്റെ മതമാണ്. ഈ മതം ഇത്രത്തോളം ലോകത്ത് വ്യാപിക്കുകയും,നിലകൊ ള്ളുകയും, ചെയ്തതും, ചെയ്യുന്നതും, ബലപ്രയോഗത്താലോ, വാൾമുനയുടെ മൂർച്ചയാലോ അല്ല. മറിച്ച് ഇസ്ലാം മതത്തിന്റെ സൗന്ദര്യവും, പ്രയോഗികതയും, യുക്തിയും, പരിപൂർണ്ണതയും അതു നല്കുന്ന സമാധാന സന്ദേ ശവും, ജനമനസ്സുകളിൽ ചലനം സൃഷ്ടിക്കുന്നതു കൊണ്ടു മാത്രമാണ്. അവർക്കത് ബോധ്യപ്പെടുന്നതു കൊണ്ടു മാത്രമാണ്. ഇസ്ലാം പ്രചരിപ്പിക്കപ്പെട്ടത് വാളുകളാലാണ് എന്ന പറച്ചിൽ വെറുമൊരു കള്ളക്കഥ മാത്രമാണ്. ഇസ്ലാമിൽ യാതൊരു നിർബന്ധവുമില്ല എന്ന് അല്ലാഹു വി:ഖുർആനിലെ വിവിധ അധ്യായങ്ങളി ലൂടെ (2:257; 3: 21; 10: 100; 109:2–8) വ്യക്തമാക്കുന്നു.

## ദാഈ–ഇലല്ലാഹ് കളോടുള്ള എന്റെ ഉപദേശം

ദാഈ–ഇലല്ലാഹ് എന്ന നിലയിൽ ക്ഷമയും, സ്ഥിരോത്സാഹവും, വളർത്തിയെടുക്കേണ്ടത് സുപ്രധാനമാണ്. ദഅ്വ എന്നത് ഒരിയ്ക്കലും ഒരു ലളിത പ്രവൃത്തിയല്ല. ഒരു വിശ്വാസി എന്ന നിലയിൽ ഉള്ള നമ്മുടെ ഈമാൻ(വിശ്വാസം) അല്ലാഹു വിവിധ നിലകളിൽ പരീക്ഷിച്ചു കൊണ്ടിരിക്കും. അല്ലാഹു പറയു ന്നു:

നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത്, എന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിനു വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു(67:3). അവനോട് നാം എത്രത്തോളം അടുക്കുന്നുവോ, അത്രത്തോളം അവൻ നമ്മെ പരീക്ഷണത്തിനു വിധേയമാക്കിക്കൊണ്ടിരിക്കും. അവൻ തന്റെ എല്ലാ പ്രവാ ചകന്മാരോടും, ദൂതന്മാരോടും, പ്രവർത്തിച്ച പോലെ. 2 – ാംഅധ്യായം 154– ാം വചനത്തിൽ അല്ലാഹു നമ്മോട് ആജ്ഞാപിക്കുന്നതു പോലെ സഹനവും പ്രാർത്ഥനയും വഴി നാം സദാ സഹനശീലരായി നിലകൊള്ളണം. സർവ്വശക്തനായ അല്ലാഹു നമ്മുടെ ക്ഷമയെയും, സഹനശീലത്തെയും, പല നിലകളിൽ പരീക്ഷിക്കുക തന്നെ ചെയ്യും. അത് ചിലപ്പോൾ അമുസ്ലിം സഹോദരങ്ങൾ വഴി ശത്രുക്കളുടെ കൈകൾ മുഖേനയോ, മറ്റു ചിലപ്പോൾ മറ്റു മുസ്ലിം സഹോദര ങ്ങളുടെ തന്നെ കളിയാക്കലിലൂടെയോ പരിഹാസത്തിലൂടെയോ ഒക്കെ ആകാം. ഒരവസരത്തിലും ക്ഷമയും, സഹനശീലവും, കൈവിടാതെ പെരുമാറിയിരുന്ന തിരുമേനി (സ)യുടെ സ്വഭാവ സവിശേഷതയാണ് നാം പിൻ പറ്റേണ്ടത്. നമുക്ക് നേരിടേണ്ടി വരുന്ന ഏത് പരീക്ഷണത്തെയും, ക്ഷമയോടെ നാം നേരിടണം. സഹ നവും പ്രാർത്ഥനയും കൈകൊള്ളുന്നവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം നല്കുമെന്ന് സദാ ഓർക്കുക.

വി:ഖുർ ആനിൽ  അല്ലാഹു പറയുന്നു:-

സത്യവിശ്വാസികളെ നിങ്ങൾ സഹനം കൈകൊള്ളുക, നിങ്ങൾ സഹനം കൈകൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക. എതിർശക്തികളെ വീക്ഷിച്ചു കൊണ്ട് കാവൽ നില്ക്കുക. നിങ്ങൾ വിജയികളായത്തീരുന്നതിനു വേണ്ടി അല്ലാഹുവിന്റെ (നിയമങ്ങളെ) സൂക്ഷിക്കുക(3:201)

ദഅ്വ ഒരു വിശാലമായ വിഷയമാണ്. ആയതിനാൽ തന്നെ ഇതു സംബന്ധമായി കൂടുതൽ കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാൻ മറ്റു വേളകളിലും , തുടർന്നു വരുന്ന വെള്ളിയാഴ്ചകളിലും, അല്ലാഹു എനിക്ക് അവസരം നല്കി അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഇന്ന് ഞാൻ നിർത്തുന്നു.

മറ്റുള്ളവരെ സഹീഹ്-അൽ-ഇസ്ലാമിലെക്ക് ക്ഷണിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ പ്രവൃത്തികളെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. വി:ഖുർ ആനും തിരുനബി ചര്യയും, അനുസരിച്ചും കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ആയ ഹ. മിർസാ ഗുലാം അഹ്മദ് (അ) ന്റെ ഗ്രന്ഥങ്ങളിൽ പറഞ്ഞ പ്രകാരവും കൂടുതൽ കൂടുതൽ കാര്യങ്ങൾ ദഅ്വയുമായി ബന്ധപ്പെട്ട് ചെയ്യുവാൻ അല്ലാഹു നമ്മെ വഴികാട്ടട്ടെ. അല്ലാഹുവിന്റെ തൃപ്തിയെ ലാക്കാക്കി മാത്രം നാം ചെയ്യുന്ന നമ്മുടെപ്രവർത്തനങ്ങളെ അവൻ സ്വീകരിക്കുമാറാകട്ടെ. അല്ലാഹു നമുക്ക്  വഴികാട്ടിയായി നിന്ന് ഇസ്ലാമിനെ മറ്റു മതങ്ങളെക്കാൾ മുൻപന്തിയിലെത്തിക്കുകയും, അതുവഴി അനേകമാളുകളെ പരലോകത്തുള്ള നരകശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ചെയ്യട്ടെ ആമീൻ.

*Translated by: Fauzia Jamal*

*Issued by: R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*